സാമ്പത്തിക വർഷം	തുക
2016-17	ഇല്ല
2017-18	30,28,19,67,335
2018-19	12,25,56,74,954
2019-20	23,59,02,15,199
2020-21	26,75,39,93,290

(ബി) മേല്പറഞ്ഞ തുകകൾ മുഴുവനായും മുമ്പ് ട്രാൻസ്ഫർ ചെയ്ത അക്കൗണ്ടുകളിൽ തിരിച്ചു നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

2017-18, 2018-19 വർഷങ്ങളിൽ അപേക്ഷ ലഭിക്കുന്നമുറയ്ക്കും 2019-20, 2020-2021 വർഷങ്ങളിൽ അപേക്ഷ ലഭിക്കാതെതന്നെ മുഴുവൻ തുകയും തിരികെ അതത് അക്കൗണ്ടുകളിൽ ലഭ്യമാക്കിയിട്ടുണ്ട്.

എസ്.ടി.എസ്.ബി. അക്കൗണ്ടിലെ നിക്ഷപത്തുക

118 (1848) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻസർക്കാരിന്റെ കാലത്ത് എസ്.ടി.എസ്.ബി. അക്കൗണ്ടുകളിൽ നിക്ഷേപിച്ച തുക പിന്നീട് തിരിച്ചെടുത്ത വിഷയം പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഈ കാര്യത്തിൽ കെ.പി.ഇ.ആർ.സി.-യുടെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ?

പരിശോധിച്ചിട്ടുണ്ട്. 2017-18-ലെ Finance Accounts-ൽ ഫണ്ടുകൾ തിരിച്ചെടുക്കൽ സംബന്ധിച്ച് C&AG നടത്തിയിട്ടുള്ള നിരീക്ഷണങ്ങൾ നാലാം പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി അതിന്റെ 4-ാം റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ബഡ്ജറ്റ് വിഹിതം നഷ്ടമാകുന്നത് ഒഴിവാക്കുന്നതിനായി വിവിധ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും സാമ്പത്തികവർഷാവസാനം സഞ്ചിതനിധിയിലെ ചെലവഴിക്കാത്ത തുക എസ്.ടി.എസ്.ബി. അക്കൗണ്ടുകളിലേയ്ക്ക് മാറ്റി ക്രെഡിറ്റ് ചെയ്യുന്നത് വർഷങ്ങളായി തുടർന്നുവന്നിരുന്നെന്ന് നാലാം പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി അതിന്റെ നാലാം റിപ്പോർട്ടിൽ നിരീക്ഷിക്കുകയുണ്ടായി. ബഡ്ജറ്റ് വിഹിതം ചെലവഴിക്കാൻ സാധിക്കാത്തതുമായി ബന്ധപ്പെട്ട് വിമർശനങ്ങളിൽനിന്നും രക്ഷപ്പെടുന്നതിനു വേണ്ടിയാണ് ആയത് എസ്.ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിക്കുന്നതെന്നും ഇത് ധനനിയന്ത്രണത്തെയും ധനആസൂത്രണത്തെയും സാരമായി ബാധിക്കുമെന്നും

LIBRARY ARCHIVES Kerala Legislative Assembly

ഇപ്രകാരം ചെയ്യുന്നതുകൊണ്ട് വരുംവർഷങ്ങളിൽ ബഡ്ജറ്റ് തുകയോടൊപ്പം എസ്.ടി.എസ്.ബി അക്കൗണ്ടിലെ ബാക്കി തുകയും വകുപ്പുകൾക്ക് ചെലവാക്കാൻ സാധിക്കുമെന്ന് കമ്മിറ്റി വിലയിരുത്തി. ഇതുമൂലം വകുപ്പുകളുടെ ചെലവുകളുടെ സുതാര്യത നഷ്ടമാകുന്നുവെന്നും അവ ഉചിതമായ പരിശോധനയ്ക്ക് വിധേയമാകുന്നില്ലെന്നും ഇത് ബഡ്ജറ്റിന്റെ സുതാര്യത നഷ്ടമാക്കുമെന്നും ആയത് അപ്രതീക്ഷിതമായ സമ്മർദ്ദം സർക്കാരിന്റെ സഞ്ചിതനിധിയിൽ സൃഷ്ടിച്ചിരുന്നെന്നും ആയതിനാൽ എസ്.ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ച തുക സർക്കാർ പിൻവലിക്കുന്ന രീതിയെ കമ്മിറ്റി സ്വാഗതം ചെയ്യുന്നുവെന്നും റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്.

ടഷറികളുടെ ആധുനികവത്ക്കരണം

119(1849) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടഷറികൾ ആധുനികവത്ക്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ ടഷറികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നവീകരണ/ ആധുനികവൽക്കരണ നടപടികൾ പ്രധാനമായും 2 മേഖലകളിലായാണ് നടന്നുവരുന്നത്. അടിസ്ഥാന സൗകര്യ വികസനവും ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണവും. അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽപ്പെടുത്തി സ്വന്തമായി കെട്ടിടമില്ലാത്ത ടഷറികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ജീർണ്ണാവസ്ഥയിലുള്ളവ പുതുക്കിപ്പണിയുന്നതിനുമുള്ള നടപടികളാണ് കൈക്കൊണ്ടുവരുന്നത്. ടഷറി ആധുനികവൽക്കരണത്തിന്റെ ഭാഗമായി വകുപ്പിന്റെ വിവര വിനിമയ സാങ്കേതികവിദ്യയുടെ അടിസ്ഥാന തത്വങ്ങളായ കമ്പ്യൂട്ടർ സിസ്റ്റംസ്, സെർവറുകൾ, ഡാറ്റാ കണക്ടിവിറ്റി എന്നിവയും മെച്ചപ്പെടുത്തുന്നുണ്ട്. ഏത് സാഹചര്യത്തിലും തടസ്സമില്ലാതെ നെറ്റ്വർക്ക് കണക്ഷൻ ലഭ്യമാക്കാൻ ലക്ഷ്യമിട്ട് ബി.എസ്.എൻ.എൽ - ൽ നിന്നും Rail.Tel.-ൽ നിന്നും രണ്ട് ഡാറ്റാ കം ലീസ്ഡ് കണക്ഷനുകൾ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ടഷറി ആധുനികവൽക്കരണത്തിന്റെ ഭാഗമായി റീപെയിന്റിംഗ്, ടോയിലറ്റ് നിർമ്മാണം, ടോയിലെറ്റ് നവീകരണം, ഫ്രണ്ട് ഓഫീസ് നിർമ്മാണം എന്നിവ ആവശ്യമുള്ള ടഷറികളിൽ ആയത് നിർവ്വഹിക്കുന്നതിനും ടഷറികൾക്കാവശ്യമായ കസേര, ഫാൻ എന്നിവ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണം

LIBRARY ARCHIVES Kerala Legislative Assembly